2016 ജനുവരിയിലെ വകുപ്പുതല പരീക്ഷയ്ക്ക് പരീക്ഷാഫീസ്, സർട്ടിഫിക്കറ്റ് ഫീസ് ഇവ ഒടുക്കേണ്ടത് ഇ-പേയ്മെന്റ് സംവിധാനം വഴിയാണ്. വകുപ്പുതല പരീക്ഷയ്ക്ക് Online ആയി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നല്ലൊരു ഭാഗം അപേക്ഷകളിലും 'Payment Due' എന്നാണ് കാണിക്കുന്നത്. പരീക്ഷാർത്ഥികൾ സർട്ടിഫിക്കറ്റ് ഫീസ്, പരീക്ഷാഫീസ് ഇവ ഒടുക്കികഴിഞ്ഞാൽ അവരുടെ അപേക്ഷയിൽ Balance Due – Nil എന്നാണ് കാണിക്കേണ്ടത്. എന്നാൽ payment വിജയകരമായി പൂർത്തിയാക്കിയിട്ടില്ലാത്ത പരീക്ഷാർത്ഥികളുടെ പ്രൊഫൈലിലാണ് Payment Due എന്ന് കാണിക്കുന്നത്. ഇങ്ങനെയുള്ള പരീക്ഷാർത്ഥികൾ പരീക്ഷാഫീസ്, സർട്ടിഫിക്കറ്റ് ഫീസ് എന്നിവ ഇ-പേയ്മെന്റ് സംവിധാനം വഴി, അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിക്കുമുമ്പ് ഒടുക്കിയിട്ടില്ലെങ്കിൽ അത്തരം അപേക്ഷകൾ നിരസിക്കുന്നതാണ്.